കേരള ഓവർസീസ് ഡവലപ്പ്മെൻറ് ആൻഡ് എംപ്ലോയ്മെൻറ് പ്രൊമോഷൻ കൺസൾട്ടൻറ്

181 [279] ശ്രീ. എ. എൻ. യൂസുഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് ഡവലപ്പ്മെൻറ് ആൻറ് എംപ്ലോയ്മെൻറ് പ്രൊമോഷൻ കൺസൾട്ടൻറ് മുഖേന വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിക്കുവാൻ വേണ്ടി എത്ര ആളുകൾ പേരു രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ രജിസ്റ്റർ ചെയ്തവരിൽ എത്തെല്ലാം തസ്തികകളിൽ എത്ര പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) അപേക്ഷകൾ ക്ഷണിച്ചിട്ട് വർഷം കഴിഞ്ഞിട്ടും ഇൻറർവ്യൂ നടത്താതിരിക്കുന്ന എത്ര തസ്തികകൾ ഉണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓവർസീസ് ഡവലപ്പ്മെൻറ് ആൻറ് എംപ്ലോയ്മെൻറ് പ്രൊമോഷൻ കൺസൾട്ടൻറ് മുഖേന വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിക്കുവാൻ വേണ്ടി 48,000 ആളുകൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)

ഡോക്ടർമാർ	..	16
നേഴ്സുമാർ	..	144
മറ്റു പാരാ മെഡിക്കൽ സ്റ്റാഫ്	..	25
വീടു നിർമ്മാണ ജോലിക്കാർ	..	53
ഡ്രൈവേഴ്സ്	..	55
മറ്റു ടെക്നിഷ്യൻമാർ	..	171
ഡെക്ഹാൻഡ്/ഫിഷർമാൻ	..	149
പാചകക്കാർ	..	2
ഹെൽപേഴ്സ്	..	276
ആകെ	..	891

(സി) ഇൻറർവ്യൂവും, തിരഞ്ഞെടുപ്പും നടത്തേണ്ടതു വിദേശ തൊഴിലുടമകളുടെ ഏജൻസികളാണ്. അവരുടെ സൗകര്യാനുസരണം അറിയിക്കുന്ന തീയതികളിൽ ആവശ്യമനുസരിച്ച് ഇൻറർവ്യൂ നടത്തിവരുന്നു. ടാലി ക്ളാർക്ക്, ഫോർക്ക്ലിഫ്റ്റ് ഡ്രൈവേഴ്സ്, വിങ്ച്മെൻ എന്നീ തുറമുഖ തൊഴിലുമായി ബന്ധപ്പെട്ട ചില തസ്തികകളിൽ മാത്രമേ ഇതുവരെ തിരഞ്ഞെടുപ്പു നടത്താതിരുന്നിട്ടുള്ളു. അവയിലേക്കു തിരഞ്ഞെടുപ്പ് അടുത്തുതന്നെ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly